DESPATCHED
On. 05/03/2020
7/1/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 2452*(2)/2018*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **7778**/*എസ്.ഐ.സി-ജി 6/18*)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.പി.എൻ.വിജയകുമാർ,
പടീറ്റടത്ത് പുത്തൻ വീട്,
ചിങ്ങോലി പി.ഒ., ആലപ്പുഴ ജില്ല,
പിൻ – 690532.
} അപ്പീൽ ഹർജിക്കാരൻ

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
സംസ്ഥാന വിവരാവകാശ കമ്മീഷൻ,
പുന്നൻ റോഡ്, തിരുവനന്തപുരം – 695 001.

2. അപ്പീൽ അധികാരി,
സംസ്ഥാന വിവരാവകാശ കമ്മീഷൻ,
പുന്നൻ റോഡ്, തിരുവനന്തപുരം – 695 001.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 20.03.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 31.03.2018 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 17.04.2018 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 30.04.2018 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 20.07.2018 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 24.07.2018 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 30.09.2019 കമ്മീഷൻ അസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.പി.എൻ.വിജയകുമാർ,

20.07.2018ന് സമർപ്പിച്ച അപ്പീൽ ഹർജി 24.07.2018ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No.2452(2)/18/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ AP No.567(2)/16/SIC തീർപ്പു കൽപ്പിച്ച 29.01.2018ലെ നടപടിയിൽ വിവരിക്കുന്ന മൂന്നു രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളാണ് ആവശ്യപ്പെട്ടിരുന്നതെന്നും ആയതിൽ ആവശ്യപ്പെട്ട ഒന്നും രണ്ടും നമ്പർ രേഖകൾ കമ്മീഷനിൽ ലഭ്യമല്ലെന്നും 3-ാം ഇനമായി ആവശ്യപ്പെട്ട വിവരങ്ങൾ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയിൽ നിന്നും വിശദീകരണം കമ്മീഷനിൽ ലഭ്യമായിട്ടില്ലെന്നുമാണ് അറിയിച്ചതെന്നും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിന് 1, 2 എന്നീ ഇനങ്ങൾക്കുള്ള മറുപടി ലഭിച്ചില്ലെന്നും 3-ാം ഇനത്തിന് സാക്ഷ്യപ്പെടുത്തിയ പകർപ്പ് അയച്ചു നൽകിയെന്നും ആകയാൽ മേൽപ്പടി നമ്പർ അപ്പീലിന്മേൽ കമ്മീഷന്റെ 29.01.2018ലെ നടപടിയിൽ വിവരിക്കുന്ന ടിയാന്റെ അപേക്ഷയിലെ 1, 2 എന്നീ ഇനങ്ങൾക്ക് മറുപടി നൽകിയിട്ടില്ലെന്നും ആയത് ലഭ്യമാക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 20.03.2018ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 31.03.2018ന് മറുപടി നൽകിയതായി കാണുന്നു. ടി മറുപടിയിൽ തൃപ്തനാകാതെ സമർപ്പിച്ച ഒന്നാം അപ്പീലിന് 30.04.2018ന് നൽകിയ മറുപടിയിൽ ഹർജിക്കാരന്റെ അപേക്ഷയിലെ 1, 2 എന്നീ ഇനങ്ങളിൽ ആവശ്യപ്പെട്ട പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷി ശ്രീ.കെ.എം.അൻസാറിന്റെ വിശദീകരണം ഇപ്പോഴത്തെ എതിർകക്ഷി കമ്മീഷനിലേയ്ക്ക് അയച്ചു തന്നിട്ടുള്ളതും ആയത് 05.04.2018ൽ കമ്മീഷനിൽ ലഭ്യമായിട്ടുള്ളതാണെന്നും ടി വിശദീകരണത്തിന്റെ പകർപ്പ് ഒന്നാം എതിർകക്ഷി 5 ദിവസത്തിനകം ഹർജിക്കാരന് അയച്ചുകൊടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ച് അപ്പീൽ തീർപ്പാക്കിയെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും 28.09.2019ലെ റിപ്പോർട്ടും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയിൽ ചീഫ് കമ്മീഷണറുടെ ഉത്തരവിൽ പരാമർശിച്ചിട്ടുള്ള 3 രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളാണ് ടിയാൻ ആവശ്യപ്പെട്ടിരുന്നതെന്നും ആയതിൽ ക്രമനമ്പർ 1, 2 എന്നിവയിൽ ആവശ്യപ്പെട്ടിരുന്ന രേഖകൾ ഓഫീസിൽ ലഭ്യ

മല്ല എന്നാണ് മറുപടി നൽകിയതെന്നും ടിയാൻ കമ്മീഷൽ മുമ്പാകെ ബോധിപ്പിച്ചു. മാത്രമല്ല ടിയാൻ 3–ാം ഇനമായി ആവശ്യപ്പെട്ടവ ബന്ധപ്പെട്ട എസ്.പി.ഐ.ഒ. കമ്മീഷനിൽ ലഭ്യമാക്കിയിട്ടില്ല എന്നാണ് മറുപടി നൽകിയതെന്നും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിന്മേൽ അപ്പീൽ അധികാരിയുടെ 30.04.2018ലെ ഉത്തരവിലെ നിർദ്ദേശപ്രകാരം 06.05.2018ൽ ഹർജിക്കാരനു അയച്ചു നൽകിയ വിശദീകരണം വസ്തുതകൾക്ക് വിരുദ്ധവും തെറ്റിദ്ധരിപ്പിക്കുന്നതുമാണെന്നുമാണ്. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിലെ 1, 2 എന്നീ ഇനങ്ങളിൽ ആവശ്യപ്പെട്ട വിവരങ്ങൾ ഫയലിൽ ലഭ്യമല്ലെന്നും 3–ാം ഇനം സംബന്ധിച്ച വിശദീകരണം 05.04.2018ലാണ് ലഭിച്ചതെന്നും ആയത് ടിയാന് നൽകിയിട്ടുണ്ടെന്നുമാണ്. എന്നാൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയബന്ധിതമായി ഒന്നും രണ്ടും എതിർകക്ഷികൾ മറുപടി നൽകിയതായി കമ്മീഷനു ബോധ്യമാകുന്നു. രേഖകൾ പരിശോധിച്ചതിൽ ടിയാന്റെ അപേക്ഷയിലെ 1, 2 എന്നീ ഇനങ്ങളിൽ ആവശ്യപ്പെട്ട വിവരങ്ങൾ ഫയലിൽ ലഭ്യമല്ലെന്നും 3–ാം ഇനം സംബന്ധിച്ച വിവരം ഹർജിക്കാരന് നൽകിയിട്ടുണ്ടെന്നുമുള്ള ഒന്നാം എതിർകക്ഷിയുടെ മൊഴിയും റിപ്പോർട്ടും കമ്മീഷൻ അംഗീകരിക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 ജനുവരി 07–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)
Ge/